പോലീസിന്റെ പ്രവർത്തനം വിലയിരുത്താൻ സംവിധാനം

15 (*538) ശ്രീ. പി. സി. ജോർജ് :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. കെ. വി. കുഞ്ഞിരാമൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പോലീസിന്റെ പ്രവർത്തനം വിലയിരുത്താൻ സർക്കാർ പ്രത്യേക ബോർഡ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ബോർഡിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) പോലീസിന് ഇന്ന് നൽകിയിരിക്കുന്ന പ്രവർത്തനസ്വാതന്ത്ര്യം അതിരുകടന്നതാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പോലീസിന്റെ കുറ്റാന്വേഷണം, നിരീക്ഷണം, നീതിനിർവ്വഹണം എന്നിവയിൽ നിന്ന് ജനങ്ങൾക്ക് തൃപ്തികരമായ നിയമപരിപാലനം ലഭിക്കുന്നില്ലെന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) നവീകരണത്തിന്റെ ഭാഗമായി പോലീസുകാർക്ക് ഇതു നൽകുന്ന ട്രെയിനിംഗിന്റെ സിലബസ് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ജി) പ്രോസിക്യൂഷൻ നടപടികളിലുണ്ടാകുന്ന പാളിച്ചകൾ തിരുത്തുന്നതിനും കുറ്റക്കാർക്ക് പരമാവധി ശിക്ഷ ലഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ&ബി) പോലീസിന്റെ പൊതുവായ പ്രവർത്തനം വിലയിരുത്തുന്നതിനായി ഒരു ബോർഡ് രൂപീകരിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. അന്തിമരൂപം ആയിട്ടില്ല.

(സി) ക്രമസമാധാനരംഗത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോലീസ് നിഷ്പക്ഷവും സത്യസന്ധമായും പ്രവർത്തിക്കാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുവഴി ക്രമസമാധാന പ്രശ്നങ്ങൾ യഥാവിധി ഫലപ്രദമായി നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്.

(ഡി) ഇത്തരത്തിൽ ഉള്ള ചില ഒറ്റപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന പോലീസ് കുറ്റാന്വേഷണം, നിരീക്ഷണം, നീതി നിർവഹണം എന്നിവയിൽ നിഷ്പക്ഷവും സത്യസന്ധവും നീതിയുക്തവുമായ നിയമപരിപാലനമാണ് ജനങ്ങൾക്ക് നൽകിവരുന്നത്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ ഇന്ത്യയിലുള്ള സംസ്ഥാനങ്ങളിൽ കേരളം മുൻപന്തിയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) മോഷണം, പിടിച്ചുപറി മുതലായ പ്രോപ്പർട്ടി സംബന്ധമായ കേസുകൾക്ക് മതിയായ പരിഗണന ലഭിക്കുന്നതിന് പരീക്ഷണാർത്ഥം തിരുവനന്തപുരം സിറ്റിയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലും കുറ്റാന്വേഷണവും ക്രമസമാധാനവും രണ്ട് വിഭാഗമാക്കിയിട്ടുണ്ട്.

(എഫ്) സിലബസ് പരിഷ്ക്കരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ജി) പ്രോസിക്യൂഷൻ നടപടികളിൽ പ്രോസിക്യൂട്ടറെ വേണ്ടവിധത്തിൽ സഹായിക്കുവാനുള്ള നിർദ്ദേശം പോലീസ് വകുപ്പിലെ ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്. സമർത്ഥരായ പ്രോസിക്യൂട്ടർമാരെ നിയമിക്കുന്നതിന് നിലവിലുള്ള നിയമന വ്യവസ്ഥകളിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതും അവരുടെ പ്രവർത്തനം വേണ്ടവിധത്തിൽ വിലയിരുത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതും പരിഗണിക്കുന്നതാണ്.

ലക്ഷം വീട് പദ്ധതി പ്രകാരം നൽകിയ വീടുകൾ

16 (*539) ശ്രീ. വി. ജെ. പൗലോസ് :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലക്ഷം വീട് പദ്ധതി പ്രകാരം നൽകിയതും കാലപ്പഴക്കം കൊണ്ട് നാശോന്മുഖമായി കിടക്കുന്നതുമായ വീടുകൾ പുതുക്കി പണിതു കൊടുക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള) :

(എ&ബി) ഉണ്ട്. ലക്ഷം വീടുകൾ പുനരുദ്ധരിക്കുന്നതിനോ അറ്റകുറ്റ പണി ചെയ്യുന്നതിനോ പ്രോജക്ടുകൾ ഏറ്റെടുക്കുവാൻ ഗ്രാമപഞ്ചായത്തുകൾക്കും, മുൻസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും അനുവാദം നൽകിയിട്ടുണ്ട്. അതുപ്രകാരം പുനരുദ്ധാരണ പ്രവൃത്തികൾക്കും അറ്റകുറ്റപ്പണിക്കും, പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 5,000 രൂപ വരെയും, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് 10,000 രൂപ വരെയും, പരമാവധി സബ്സിഡി അനുവദിക്കാവുന്നതാണ്. വീടുകളുടെ മേൽക്കൂര മാറ്റുന്നതുൾപ്പെടെയുള്ള ഗുണമേന്മാ പ്രവൃത്തികൾക്ക് എല്ലാ വിഭാഗത്തിനും 7,500 രൂപ വരെയും സബ്സിഡി നൽകാവുന്നതാണ്. നിലവിലുള്ള ലക്ഷം വീട് പുതുക്കി പണിയാൻ സാധിക്കാത്തതാണെങ്കിൽ അർഹരായ കുടുംബങ്ങൾക്ക് പുതിയ വീട് നൽകുന്നതിനും അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly